Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 ‖ 1128 മേടം 2—ബുധനാഴ്ചതോറും—പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഏപ്രിൽ 15 ‖ ലക്കം 33

## കർദ്ദിനാളന്മാർ

(ഫാദർ ജേക്കബ്ബ് മാഞ്ഞൂരാൻ ബി. എ.)

ഭാരതീയസഭയുടെ 1900 കൊല്ലത്തെ ചരിത്രത്തിൽ ഇദംപ്രഥമമായി ഭാരതമാതാവിന്റെ അരുമസന്താനങ്ങളിലൊരുവൻ — ബോംബെ മെത്രാപ്പോലീത്താ വലേരിയൻ ഗ്രേഷ്യസ് — സഭാമാതാവിന്റെ രാജകുമാരനായി അത്യുന്നതകർദ്ദിനാൾ സ്ഥാനത്തേക്കു് ഉയർത്തപ്പെട്ടിരിക്കുന്ന ഈ സന്തോഷശുഭാവസരത്തിൽ കർദ്ദിനാളന്മാരെപ്പററിയും കർദ്ദിനാൾസ്ഥാനത്തെപ്പററിയും കൂടുതൽ അറിവാനുള്ള ആഗ്രഹം ഭാരതത്തിലെക്രിസ്ത്യാനികൾക്കും ക്രിസ്തീയേതരക്കും ഉണ്ടായിരിക്കും.

സഭാചരിത്രത്തിന്റെ ആദ്യനൂററാണ്ടുകളിൽ മാർപ്പാപ്പാമാർ മെത്രാന്മാരേയും വൈദികരേയും മററു വേദശാസ്ത്രപണ്ഡിതന്മാരേയും ക്ഷണിച്ചുവരുത്തി സഭാഭരണകാര്യങ്ങളെ സംബന്ധിച്ചു ആലോചിച്ചിരുന്നു. കാലാന്തരത്തിൽ സഭയ്ക്കു് ഒരു അഖിലലോകവികസനം സിദ്ധിച്ചപ്പോൾ സഭാഭരണകാര്യങ്ങളെപ്പററി ഏതാണ്ടു് എപ്പോഴുംതന്നെ ആലോചിക്കേണ്ടതിലേക്കു് സ്ഥിരമായി കുറെ ആലോചനക്കാരെ തിരഞ്ഞെടുക്കേണ്ടിവന്നു. മാർപ്പാപ്പായുടെ ഈ സ്ഥിരം ആലോചനക്കാരാണു് പിന്നീടു് കർദ്ദിനാൾസംഘമായി രൂപമെടുത്തതു്. നൂററാണ്ടുകളായി കർദ്ദിനാളന്മാരാണു് മാർപ്പാപ്പായുടെ ഔദ്യോഗിക ആലോചനക്കാർ. തന്മൂലം കർദ്ദിനാൾസംഘത്തെ കത്തോലിക്കാസഭയുടെ "സെനററു" ആയിട്ടാണു് പരിഗണിച്ചുപോരുന്നതു്. കർദ്ദിനാൾസംഘത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ മൂന്നുതരത്തിലുള്ള കർദ്ദിനാളന്മാരെ കാണുവാൻ സാധിക്കും. കർദ്ദിനാൾ ഡീക്കന്മാർ, കർദ്ദിനാൾ വൈദികർ, കർദ്ദിനാൾ മെത്രാന്മാർ എന്നിവരാണു് ഈ മൂന്നു വിഭാഗക്കാർ.

അപ്പസ്തോലന്മാർ പന്തക്കുസ്താതിരുനാളിനുശേഷം ഏഴുപേർക്കു ഡീക്കൻപട്ടം കൊടുത്തു സാധുക്കളുടെ ശാരീരികാവശ്യങ്ങളെ നിർവ്വഹിക്കുവാൻ നിയോഗിച്ചതുപോലെ വിശുദ്ധനായ എവരിസ്റ്റസു് മാർപ്പാപ്പാ ഒന്നാം നൂററാണ്ടിൽ വേദസാക്ഷികളുടെ ധീരചരിതങ്ങൾ ശേഖരിക്കുവാൻ ഏഴു ഡീക്കന്മാരെ നിയോഗിച്ചു. ഫേബിയൻ മാർപ്പാപ്പാ (236—250) റോമിനെ ഏഴു ഡിസ്ട്രിക്ടുകളായി തിരിച്ചു് ഓരോ ഡിസ്ട്രിക്ടിലുമുള്ള സാധുക്കളെ സംരക്ഷിക്കേണ്ട ഭാരം ഓരോ ഡീക്കനെ ഏല്പിച്ചു. പട്ടണത്തിൽ സാധുക്കൾ തിങ്ങിപ്പാർക്കുന്ന ഭാഗങ്ങളിലായിരുന്നു ഡീക്കന്മാരുടെ വാസസ്ഥലങ്ങൾ. അവയോടനുബന്ധിച്ചു് ഓരോ പ്രാർത്ഥനാലയവും മാമ്മോദീസ സ്വീകരിക്കാനുള്ളവരെ വേദപാഠം പഠിപ്പിക്കുവാൻ ഓരോ വേദപാഠസ്കൂളും അവർ നടത്തിപ്പോന്നിരുന്നു. ഈ ഏഴു ഡീക്കന്മാർക്കു് കർദ്ദിനാൾ എന്നൊരു സ്ഥാനം അന്നു കൊടുത്തിരുന്നു. ഇന്നത്തെ ഔന്നത്യവും അന്തസ്സും പദവിയും അന്നു് ആ സ്ഥാനത്തിനുണ്ടായിരുന്നില്ല. എങ്കിലും ഒരു പ്രത്യേകസ്ഥാനമായി അന്നു അതിനെ എല്ലാവരും പരിഗണിച്ചിരുന്നു. പിൽക്കാലങ്ങളിൽ ഡീക്കന്മാരുടെ സാധുസംരക്ഷണോദ്യോഗം നിർത്തൽചെയ്തു. അവരുടെ എണ്ണം പതിനെട്ടായി വർദ്ധിപ്പിച്ചു. ഈ പതിനെട്ടു ഡീക്കന്മാരും സഭയുടെ ഭരണത്തിൽ മാർപ്പാപ്പായുടെ ഔദ്യോഗിക സഹായകന്മാരായി വർത്തിച്ചുപോന്നു. ഇവരാണു് കർദ്ദിനാൾ ഡീക്കന്മാർ.

അഞ്ചാം നൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ വിശുദ്ധനായ "സിപ്ലീച്ചിയൂസ്" മാർപ്പാപ്പാ റോമിനെ നാലു ഡിസ്ട്രിക്ടായി തിരിച്ചു. വിശ്വാസികൾ വളരെയധികം വർദ്ധിച്ചതുകൊണ്ടു് അവരുടെ ആത്മീയാവശ്യങ്ങൾ ശരിയായി നിർവ്വഹിച്ചുകൊണ്ടുപോകുവാൻ ഓരോ ഡിസ്ട്രിക്ടിലും ഏഴു പള്ളികൾവീതം ഒട്ടാകെ 28 ദേവാലയങ്ങൾ പണികഴിപ്പിക്കയും ഓരോ ഡിസ്ട്രിക്ടിലും ഈ ഏഴു ദേവാലയങ്ങളിൽ ഒരു ദേവാലയം കേന്ദ്രദേവാലയമായി പേററ്റിയാർക്കൽ ബസിലിക്കാ എന്ന നാമധേയത്തിൽ സ്ഥാപിക്കപ്പെടുകയുംചെയ്തു. സെൻറ് പീററർ, സെൻറ് പോൾ, സെൻറ് ലോറൻസ്, സെൻറ് മേരി മേജർ എന്നിവയാണു് പേററ്റിയാർക്കൽബസിലിക്കാകൾ. ഈ പേററ്റിയാർക്കൽ ദേവാലയങ്ങൾക്കു് ഓരോന്നിനും ഓരോ കർദ്ദിനാൾ വൈദികനെ നിയോഗിച്ചിരുന്നു. ഈ കർദ്ദിനാൾവൈദികന്മാർ അവരവരുടെ ദേവാലയങ്ങളിൽ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കയും കൂദാശകൾ കൈകാര്യംചെയ്കയും ചെയ്തിരുന്നു. ഇന്നു ഒരു വൈദികനെ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തിയാൽ അതോടുകൂടി ആ വൈദികനു മെത്രാൻസ്ഥാനവും ലഭിക്കുന്നതാണു്. പുതിയ കാനോൻനിയമപ്രകാരം വൈദികരെ മാത്രമേ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തുവാൻ പാടുള്ളു. പത്തൊമ്പതാംനൂററാണ്ടിന്റെ അവസാനംവരെ അവൈദികരായ കർദ്ദിനാളന്മാർ ഉണ്ടായിരുന്നു. 1876-ൽ കർദ്ദിനാളായ ആൻറണല്ലി അവസാനത്തെ അവൈദിക ഡീക്കൻകർദ്ദിനാളായിരുന്നു.



"ഞാൻ നല്ല ഇടയനാകുന്നു."

ആദ്യനൂററാണ്ടുകളിൽത്തന്നെ റോമാനഗരത്തിന്റെ പ്രാന്തപ്രദേശങ്ങൾ ഏഴു രൂപതകളായി തിരിച്ചിട്ടുണ്ടായിരുന്നു. സഭാചരിത്രകാലം മുഴുവനും ഈ ഏഴു രൂപതകളും നിലനിന്നുപോന്നിട്ടുണ്ടു്. മാർപ്പാപ്പാമാരുടെ ജോലികൾക്കു പെരുപ്പവും കാര്യക്ഷമതയും വർദ്ധിച്ചു വശായപ്പോൾ അയൽരൂപതകളിലെ മെത്രാന്മാരെ തിരുക്കർമ്മാദികൾ അനുഷ്ഠിക്കുന്നതിനും സഭാഭരണകാര്യങ്ങളെപ്പററി ആലോചിക്കുന്നതിനും ഇടയ്ക്കിടയ്ക്കു് മാർപ്പാപ്പാ ക്ഷണിച്ചിരുന്നു. എട്ടാംനൂററാണ്ടിൽ മാത്രമേ ഈ മെത്രാന്മാർക്കു കർദ്ദിനാൾസ്ഥാനം ലഭിച്ചിട്ടുള്ളു എന്നുവരികിലും പദവിയിൽഅവർ കർദ്ദിനാൾവൈദികന്മാരെക്കാളും കർദ്ദിനാൾ ഡീക്കന്മാരെക്കാളും മേലെയായിരുന്നു. അങ്ങനെ എട്ടാം നൂററാണ്ടോടുകൂടി കർദ്ദിനാളന്മാർ മൂന്നു തരക്കാരായി രൂപമെടുത്തു. പിൽക്കാലങ്ങളിൽ വന്നിട്ടുള്ള മാർപ്പാപ്പാമാർ ഈ മൂന്നു വിഭാഗങ്ങളേയും കൂട്ടിയിണക്കി ഒരു സംഘമായി രൂപീകരിക്കയും ആ സംഘത്തിന്റെ അംഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുകയും അവരുടെ ഔദ്യോഗികചുമതലകളേയും കടമകളേയും നിശ്ചയിക്കയും മാത്രമാണു് ചെയ്തിട്ടുള്ളതു്. പഴയനിയമത്തിൽ യഹൂദജനത്തെ ഭരിക്കുന്നതിനു സഹായിപ്പാനായി 70 ആളുകളെ മോസ്സസ്സ് തിരഞ്ഞെടുത്തതുപോലെ 1586-ാമാണ്ടിൽ അഞ്ചാം സിക്സ്ററസു മാർപ്പാപ്പാ മിശിഹായുടെ ജനത്തെ ഭരിക്കുന്നതിനു മാർപ്പാപ്പായെ സഹായിപ്പാനുള്ള കർദ്ദിനാളന്മാരുടെ എണ്ണം 70 ആക്കി തിട്ടപ്പെടുത്തി. കർദ്ദിനാളന്മാരുടെ എണ്ണം 70 ആയി പൂർണ്ണമായിട്ടുള്ള സന്ദർഭങ്ങൾ വളരെ വിരളമാണെങ്കിലും പൂർണ്ണസംഘത്തിനു 70 അംഗങ്ങൾ വേണമെന്നുള്ള നിയമത്തിനു യാതൊരു വ്യത്യാസവും ഇതേവരെ വരുത്തിയിട്ടില്ല. കർദ്ദിനാൾസംഘത്തിന്റെ 250 കൊല്ലത്തെ ചരിത്രത്തിൽ ആദ്യമായിട്ടാണു് ഇപ്പോൾ പ. പിതാവു് 12-ാം പീയൂസുമാർപ്പാപ്പാ 24 പുതിയ കർദ്ദിനാളന്മാരെ സൃഷ്ടിച്ചുകൊണ്ടു് കർദ്ദിനാൾസംഘത്തിന്റെ 70 എണ്ണം പൂർത്തിയാക്കിയതു്. സിക്സ്ററസു് മാർപ്പാപ്പാ തിട്ടപ്പെടുത്തിയ കർദ്ദിനാളന്മാരുടെ 70 എണ്ണത്തിൽ കർദ്ദിനാൾമെത്രാ

